LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2015 മാർച്ച് 11. ബുധൻ

വാല്യം 158} ഔദ്യോഗിക റിപ്പോർട്ട് { നമ്പർ 4

നിയമസഭ 2015 മാർച്ച് മാസം 11-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I അറിയിപ്പ്

പ്രോട്ടെം സ്പീക്കറുടെ നിയമനം

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് : ഭരണഘടനയുടെ 180 അനുച്ഛേദം 1-ാം ഖണ്ഡം അനുസരിച്ച് കേരളാ ഗവർണ്ണർ, നിയമസഭാംഗമായ ശ്രീ.ഡൊമിനിക് പ്രസന്റേഷനെ സ്പീക്കറുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് നിയമിച്ചിരിക്കുന്നു.

II ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. പ്രോട്ടെം സ്പീക്കർ: ഓർഡർ...ഓർഡർ.... ചോദ്യം നമ്പർ *61

മാരക പകർച്ചവ്യാധികൾ

1 (*61) ശ്രീ. പുരുഷൻ കടലുണ്ടി:
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എലിപ്പനി, ചെള്ളുപനി,ഡെങ്കിപ്പനി, കുരങ്ങുപനി, എച്ച്1 എൻ1 തുടങ്ങിയ മാരക പകർച്ചവ്യാധികൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രൈമറി ഹെൽത്ത് സെന്റർ മുതൽ ജില്ലാ ആശുപത്രിവരെയുള്ളവയിൽ ഡോക്ടർമാരുടെ 600-ഓളം ഒഴിവുകൾ ഉൾപ്പെടെ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ 1800-ലധികം ഒഴിവുകൾ നികത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ ;

(സി) മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ അഭാവം പകർച്ച വ്യാധികൾ നിയന്ത്രിക്കാനുള്ള സംസ്ഥാനത്തെ ആരോഗ്യ പരിപാലന മേഖലയെ ഏത് തരത്തിൽ ബാധിച്ചിരിക്കുന്നുവെന്ന് പരിശോധിക്കാൻ തയ്യാറാകുമോ ;

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള രോഗ നിരീക്ഷണ പരിപാടിയിൽ ഈ രോഗങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവരങ്ങൾ ശേഖരിച്ചുവരുന്നുണ്ട്. ഈ മാരക പകർച്ചപ്പനികൾ 2013-ൽ 8853 ആയിരുന്നു റിപ്പോർട്ട് ചെയ്തത്. എന്നാൽ ഇത് 2014-ൽ 4137 ആയി കുറഞ്ഞിട്ടുണ്ട്.

ചെള്ളുപനി, എലിപ്പനി, ഡെങ്കിപ്പനി എന്നിവയുടെ നിയന്ത്രണത്തിനായി ജില്ലാ ഭരണകൂടവും ആരോഗ്യ വകുപ്പും വിവിധ വകുപ്പുകളും സംയുക്തമായി അടിയന്തര നിയന്ത്രണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എലിപ്പനി രോഗ സാദ്ധ്യത കൂടുതലുള്ളവർക്ക് (തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെട്ടിട്ടുള്ളവർ, പാടത്ത് പണിയെടുക്കുന്നവർ തുടങ്ങിയവർ) ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളിക പഞ്ചായത്തുതലത്തിൽ നൽകിവരുന്നു. രോഗ നിർണ്ണയത്തിനുള്ള ടെസ്റ്റ് കിറ്റുകൾ ലാബുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

എച്ച്1 എൻ1 രോഗബാധ കണ്ടതിനെതുടർന്ന് കാസർഗോഡ്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ രോഗ നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. രോഗ നിർണ്ണയ ടെസ്റ്റുകൾക്ക് മണിപ്പാൽ ആശുപത്രിയിൽ സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. ചികിൽസക്കാവശ്യമായ ഓസൾട്ടാമിവിർ ഗുളികകളുടെ ലഭ്യത ഉറപ്പു വരുത്തി. കൂടാതെ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. കുരങ്ങുപനി വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, പുൽപ്പള്ളി

LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്കുകളിലെ പൂത്താടി, മുള്ളൻകൊല്ലി, ചിതലയം, ആൽപ്പാറ പ്രദേശങ്ങളിലെ വനത്തോട് ചേർന്ന് ജീവിക്കുന്ന ആദിവാസി കോളനികളിലാണ് കണ്ടത്. 8-3-2015 വരെ 105 പേരെ രോഗംബാധിക്കുകയും 5 പേർ മരണപ്പെടുകയുമുണ്ടായി.

വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശക്തമായ രോഗ പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. രോഗ നിർണ്ണയത്തിനും ചികിൽസയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ കരങ്ങുപനി നിയന്ത്രണ വിധേയമാണ്.

(ബി) നിലവിൽ ഡോക്ടർമാർ, നഴ്സുമാർ ഉൾപ്പെടെ മെഡിക്കൽ, പാരാ മെഡിക്കൽ ജീവനക്കാരുടെ ഒഴിവുകൾ 1517 ആണ്. എൻട്രി കേഡറിൽ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ 236 ആണ്. റിട്ടയർമെന്റ്, പ്രൊമോഷൻ, പ്ലേസ്മെന്റ് തുടങ്ങിയവ കൂടെ മുൻകൂട്ടി കണ്ടുകൊണ്ട് 518 അസിസ്റ്റന്റ് സർജൻ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ ഡോക്ടർമാരുടെ ഒഴിവുകളും, സിവിൽ സർജൻ തസ്തികയിലെ ഒഴിവുകളും സ്പെഷ്യാലിറ്റി കേഡറിലെ ചീഫ് കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളും ഡിപ്പാർട്ട്മെന്റ്പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നൽകുന്നുണ്ട്. അസിസ്റ്റന്റ് സർജൻമാരുടെ നിലവിലുള്ള ഒഴിവുകളെല്ലാം തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പിൽ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് പ്ലേസ്മെന്റ് നൽകി ജൂനിയർ കൺസൾട്ടന്റ് തസ്തികയിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ നിലവിലുള്ള 667 ഡോക്ടർമാരുടെ ഒഴിവുകളിൽ 582 ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖേന 706 ഡോക്ടർമാരേയും നിയമിച്ച് 1288 ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തിയിട്ടുണ്ട്.

സ്റ്റാഫ് നഴ്സ് ഗ്രേഡ്-1, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനും സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, റേഡിയോഗ്രാഫർ, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദന്തൽ ഹൈജീനിസ്റ്റിന്റെ ഒഴിവുകളിലേയ്ക്ക് എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാരുടെ അഭാവംമൂലം പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഒന്നും തടസ്സപ്പെട്ടിട്ടില്ല. പകർച്ച വ്യാധികളുടെ നിയന്ത്രണവും പ്രതിരോധ പ്രവർത്തനവും ചികിൽസയും ആശുപത്രി തലത്തിലും ഫീൽഡ് തലത്തിലും ഇപ്പോൾ സുഗമമായി നടക്കുന്നുണ്ട്.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, നാല് പേജടങ്ങുന്ന ഒരു മറുപടിയാണ് കിട്ടിയിരിക്കുന്നത്. അതിൽ ഞാൻ ഉൽക്കണ്ഠപ്പെടുകയാണ്. നമ്മുടെ ആരോഗ്യ രംഗത്ത് കാര്യമായ ശ്രദ്ധയോ, ജാഗ്രതയോ പുലർത്താത്ത ഒരു ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്നതെന്ന് തെളിയിക്കുന്ന തരത്തിലാണ് കാര്യങ്ങൾ. ഡോക്ടർമാരുടെ എത്രയോ ഒഴിവുകളാണ് നിലവിലുള്ളത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽപ്പോലും ചെറിയ അസുഖങ്ങൾക്കുള്ള മരുന്നുകൾ കിട്ടാനില്ല. അതുപോലെ നഴ്സുമാരുമില്ല. നൂറ് മുതൽ ആയിരംവരെ വരുന്ന രോഗികളെ നോക്കാൻ വെറും മൂന്ന് ഡോക്ടർ മാരാണുള്ളത്. ഡോക്ടർമാർ വെറുതെ വന്നിട്ട് പോകുകയാണ്. ഇവരെയൊക്കെ നിയന്ത്രിക്കുന്നതാരാണ് ? മന്ത്രിക്ക് മന്ത്രിയുടെ സ്വന്തം മണ്ഡലമല്ലാതെ കേരളമാകെ ഇതുപോലുള്ള കറെ സ്ഥാപനങ്ങളുണ്ടെന്നുള്ള ധാരണയുണ്ടോ എന്ന കാര്യത്തിൽ ഞാൻ സംശയിക്കുകയാണ്. ഏട്ടിലെ പശു പുല്ലുതിന്നില്ല. ഇക്കാര്യത്തിന് ഫലപ്രദമായ പരിഗണനനൽകി ശാശ്വത പരിഹാരം കാണാൻ എന്താണ് മാർഗ്ഗം ? പ്രഖ്യാപനങ്ങൾ നടത്തിയതുകൊണ്ടു മാത്രം പോരാ : നാട്ടിൽ എലിപ്പനി, പന്നിപ്പനി, കരങ്ങുപനി, എച്ച്1, എൻ1 തുടങ്ങിയ മാരകരോഗങ്ങൾ വ്യാപിക്കുമ്പോൾ, മന്ത്രിമാർക്ക് കോഴപ്പനി, ബാർ പനി, സി.ഡി. പനി, വിജിലൻസ് പനി തുടങ്ങിയ പകർച്ചവ്യാധികൾ പടരുകയാണ്. ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ നോക്കാൻ എവിടെയാണ് നേരം ? ഇപ്പോൾ അങ്ങ് ആദ്യമായി സ്പീക്കറുടെ സീറ്റിലിരിക്കയാണ്. അങ്ങ് പറയണം ; കാര്യങ്ങൾ നേരെചൊവ്വേ നടക്കുമോ ? നടക്കില്ലെങ്കിൽ ഇത്തരത്തിലുള്ള മറുപടി തന്നിട്ട് കാര്യമില്ല. നിയമസഭയിൽ ചർച്ചചെയ്യുന്നതോ പ്രഖ്യാപിക്കുന്നതോ ആയ കാര്യങ്ങൾ പോലും നടക്കുന്നില്ല.

മി.പ്രോട്ടെം സ്പീക്കർ : അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ.പുരുഷൻ കടലുണ്ടി : സർ, ഞാൻ ചോദ്യത്തിലേയ്ക്ക് കടക്കാം നാല് പേജുള്ള മറുപടി തന്നാൽ എനിക്ക് കാര്യങ്ങൾ പറയാനുണ്ടാവില്ലേ ? എന്റെ മണ്ഡലത്തിലുള്ള ആശുപത്രിയെ താലൂക്കാശുപത്രിയാക്കി മാറ്റിക്കൊണ്ട് എനിക്ക് ഉത്തരവ് തന്നിട്ട് ഒരുകൊല്ലം കഴിഞ്ഞു. ഇതുവരെ ഡോക്ടർമാരെ അവിടെ നിയമിച്ചിട്ടില്ല. മാത്രമല്ല, അതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മന്ത്രിയുടേയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും അവിടെയുള്ള ജനപ്രതിനിധികളുടെയെല്ലാ പേരുടേയും ഫോട്ടോ വച്ച് ഒരു ദിവസം പ്രഖ്യാപിക്കുകയും ചെയ്തു. മന്ത്രിക്ക് അന്ന് വരാൻ പറ്റിയില്ല

മി. പ്രോട്ടെം സ്പീക്കർ : അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ, പ്ലീസ് ....

ശ്രീ. പുരുഷൻ കടലുണ്ടി : സർ, നിതാന്ത ജാഗ്രതയോടുകൂടി ആരോഗ്യരംഗത്ത് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള പരിപാടികൾ പ്രഖ്യാപനത്തിലൊതുക്കാതെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ആരോഗ്യമേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഒരു ഗവൺമെന്റാണ് ഇപ്പോഴുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് താലൂക്കാശുപത്രികളായി ഉയർത്തിയ ആശുപത്രികളിലെല്ലാം പോസ്റ്റ് ക്രിയേഷൻ നടത്തിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ 3871 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. ഇതുവരെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് മാത്രമായിട്ടാണ് ഇത്രയും പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തത്. വേക്കൻസിയുണ്ടെന്നു പറയുന്നത് ഡോക്ടർമാരുടെ വേക്കൻസികളും അസിസ്റ്റന്റ് സർജൻമാരുടേതുമാണ്. എൻ.ടി കേഡറിൽ 236 വേക്കൻസികൾ മാത്രമേ ഇന്നുള്ളൂ. ബാക്കിയുള്ളവ പ്രൊമോഷൻവഴി നിയമിക്കേണ്ട 666 പോസ്റ്റുകളാണ്. ഇപ്പോൾ 666 വേക്കൻസികളുണ്ടെങ്കിലും അവിടെ അഡ്ഹോക് വ്യവസ്ഥയിൽ 582 പേരെ നിയമിച്ചിട്ടുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ 706 ഡോക്ടർമാരെ അഡീഷണലായി നിയമിച്ചിട്ടുണ്ട്. അങ്ങനെ കേരളത്തിൽ 667 ഡോക്ടർമാരുടെ ഒഴിവുകളേയുള്ളൂ. എൻ.ടി കേഡറിൽ 236 വേക്കൻസികൾ മാത്രമേയുള്ളൂ. പ്രൊമോഷൻ വരുമ്പോൾ മാത്രമേ ഈ പോസ്റ്റുകൾ വരികയുള്ളൂ. എന്നിട്ടും 1288 ഡോക്ടർമാരെ അഡ്ഹോക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം.-ലും കൂടി അധികമായി ഒരു കാലഘട്ടത്തിലും നിയമനം നടത്തിയിട്ടില്ലാത്ത രീതിയിൽ നിയമിച്ചിട്ടുണ്ട്. ഇത് 1964-ലെ സ്റ്റാഫ് പാറ്റേണാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇത്രയും പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തത്. ഏകദേശം 4000-ത്തോളം പോസ്റ്റുകൾ കേരളത്തിലെ ആശുപത്രികളിൽ അഞ്ഞൂറോളമിങ്ങോളം ക്രിയേറ്റ് ചെയ്തിട്ടുണ്ട്. 50-ഓളം പഞ്ചായത്തുകളിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലായിരുന്നു. ആ പഞ്ചായത്തുകളിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ കൊണ്ടുവന്ന് അവിടെ ഡോക്ടർമാരെയും മറ്റ് സ്റ്റാഫുകളെയും നിയമിച്ചു. എല്ലാ തലങ്ങളിലും സ്റ്റാഫുകളെ നിയമിച്ചു. കഴിഞ്ഞ ഗവൺമെന്റ് അവസാന കാലഘട്ടത്തിൽ ക്രമേ

LIBRARY ARCHIVES Kerala Legislative Assembly

സി.എച്ച്.സി.-കളെ താലൂക്ക് ആശുപത്രികളാക്കിയും താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളാക്കിയും പ്രഖ്യാപനം നടത്തിയിട്ടുപോയി. അതു മുഴുവൻ ഘട്ടംഘട്ടമായി നടപ്പിലാക്കികൊണ്ടുവരികയാണ്. പിന്നെ മരുന്നിന്റെ കാര്യം ഇവിടെ പറഞ്ഞു. ഏത് മരുന്നില്ലായെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. പറയട്ടെ. മരുന്നിന്റെ കാര്യത്തിൽ പ്രൊഡക്ഷനില്ല. ഇന്നലെ ഞാൻ സൂചിപ്പിച്ചതുപോലെ പേപ്പട്ടി വിഷത്തിനുള്ള മരുന്ന് ഇല്ലാതിരുന്നതുകൊണ്ട് അതിനുവേണ്ടിയുള്ള ഫോളോഅപ് ചെയ്തു. പക്ഷെ പ്രൊഡക്ഷൻ ഇല്ല. ഈയിടെ താറാവുകൾക്ക് രോഗം ബാധിച്ചപ്പോൾ നമ്മൾ മറ്റ് സ്റ്റേറ്റുകളായ രാജസ്ഥാനിൽനിന്നും ഡൽഹിയിൽ നിന്നുമൊക്കെ ഇവിടെ മരുന്ന് കൊണ്ടുവന്നു. അതുപോലെ പേപ്പട്ടി വിഷത്തിനുള്ള മരുന്ന് കിട്ടുന്നില്ല. മറ്റ് സാർക് രാജ്യങ്ങളിൽ അന്വേഷിച്ചപ്പോൾ അവിടെയും മരുന്ന് കിട്ടാനില്ല. പക്ഷേ അതിനുവേണ്ടി ഫോളോചെയ്ത് ബഫർസ്റ്റോക്കിൽ പല കമ്പനികളും സൂക്ഷിച്ചിരുന്ന മരുന്ന് കൊണ്ടുവന്നു. ഇന്നലെ 200-ൽപ്പരം മരുന്നുകൾ ഇവിടെ കൊണ്ടുവന്നു. 15-ാം തീയതി 7600-ഉം ഇന്നലെ 2000-ത്തിൽപ്പരം മരുന്നുകളും കൊണ്ടുവന്നു. ഏതസുഖത്തിനാണ് മരുന്നില്ലാത്തതെന്ന് അദ്ദേഹം പറയട്ടെ. മരുന്നുകൾ സമയബന്ധിതമായി എത്തിക്കുന്നതിനുവേണ്ടിയുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട്. വെറുതേ ആക്ഷേപിച്ച് പോയിട്ട് കാര്യമില്ല. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഒരു താലൂക്ക് ആശുപത്രി സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പുതുതായി ആലോചനയിലാണ്. കാഷ്വാലിറ്റിയില്ലാത്ത താലൂക്ക് ആശുപത്രികൾ ഇന്ന് മുപ്പത്തിയഞ്ചെണ്ണം വരെ കേരളത്തിലുണ്ട്. അതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അപ്ഗ്രേഡ് ചെയ്തവയാണ്. അവിടേയ്ക്ക് സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെയുള്ള ആളുകളെ നിയമിച്ചുകൊണ്ടുള്ള തീരുമാനം വൈകാതെ ഉണ്ടാകുമെന്നകാര്യംകൂടി ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്.

<u>ശ്രീ. പുരുഷൻ കടലുണ്ടി :</u> സർ, ഇതൊന്നും യാഥാർത്ഥ്യമല്ല. ഇന്നലെ 20 മിനിട്ടുനേരം പേപ്പട്ടി വിഷത്തിനുള്ള മരുന്ന് അവിടെ ഉണ്ടായിരുന്നില്ല. പത്രങ്ങൾ നിതാന്ത ജാഗ്രതയോടുകൂടി ആരോഗ്യ വകുപ്പിന്റെ സന്ദേശയാത്രയെക്കുറിച്ച് പറയുന്നു. എന്നാലും രോഗം പിടിമുറുകുന്നു. ഒരു പത്രം മാത്രമല്ല എല്ലാ പത്രങ്ങളും മുൻകൂർ പറഞ്ഞിട്ടുപോലും ഈ വിഷയം ഗൗരവമായി കാണാത്തതെന്താണ് ? എന്റെ മണ്ഡലത്തിലെ താലൂക്ക് ആശുപത്രിയിൽ വന്നോ എന്നുള്ളതല്ല പ്രശ്നം. എല്ലാ കാര്യങ്ങളും പ്രഖ്യാപനങ്ങൾ മാത്രമാണ്. ഡോക്ടർമാരുടേയും അനുബന്ധ ജീവനക്കാരുടേയും തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ പ്രഖ്യാപിച്ചിട്ടും ഈ ഒഴിവുകൾ എവിടെയാണ് നികത്തിയത് ? എണ്ണംകൊണ്ട് കാര്യമില്ല. അത് യാഥാർത്ഥ്യമാകണം. ഏതെങ്കിലും ഒരു എം.എൽ.എ -യ്ക്ക് നെഞ്ചത്തു കൈവച്ച് ഇതെല്ലാം യാഥാർത്ഥ്യമാണെന്ന്

പറയാൻ സാധിക്കുമോ ? അവർക്ക് പറയാൻ കഴിയില്ല. എന്റെ മണ്ഡലത്തിലുള്ള താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരെ തരാത്തതുകൊണ്ടല്ല ഇങ്ങനെ പറയുന്നത്. ഈ പ്രശ്നം ജനങ്ങൾ നോക്കും. അവിടെ നിരന്തരമായി സമരമാണ് നടക്കുന്നത്.

മി. പ്രോട്ടെം സ്പീക്കർ : സർ, അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, കോഴിക്കോട് സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയിൽ വേണ്ടത്ര സ്റ്റാഫോ, നഴ്സുമാരോ ഇല്ലാത്ത അവസ്ഥയാണ്. ഉള്ള ഡോക്ടർമാർ അവിടെ ഉറക്കമൊഴിഞ്ഞു രാവും പകലും പണിയെടുക്കുന്നത് എനിക്ക് നേരിട്ടറിയാവുന്ന കാര്യമാണ്. സാന്ത്വന പ്രവർത്തനങ്ങൾക്കുവേണ്ടി ജനങ്ങളും ത്രിതല–പഞ്ചായത്തുകളും കോടിക്കണക്കിനു രൂപ മുടക്കി ഇതിനെ സഹായിക്കാൻ രംഗത്തു വരുമ്പോൾ, പൊളിറ്റിക്കൽ പാർട്ടികൾ രംഗത്തുവരുമ്പോൾ മന്ത്രി നിസ്സംഗതനായിരിക്കുകയാണ്. വേണ്ടകാര്യങ്ങൾ വേണ്ട സമയത്ത് ചെയ്യണം. നാട്ടിൻപുറങ്ങളിൽ എത്തിച്ചേരുന്ന ആയിരക്കണക്കിന് അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യത്തിന് ഈ ഗവൺമെന്റ് എന്തു ചെയ്തു ? അതിനെക്കുറിച്ചുള്ള റിപ്പോർട്ട് തരാൻ നിങ്ങൾക്ക് സാധിച്ചിട്ടില്ല. അപ്പോൾ ആരോഗ്യരംഗത്തുള്ള സംവിധാനം ഫലപ്രദമായി നടക്കണം. അല്ലാതെ വാചാലമായിട്ട് കാര്യമില്ല. വേണമെങ്കിൽ ഒരു മണിക്കൂർ പ്രസംഗിക്കാം. അതുകൊണ്ടായില്ല, ഫലപ്രദമായി എന്ത് നടപടി സ്വീകരിക്കുമെന്ന് മന്ത്രി പറയണം. എന്റെ മാത്രം കുറ്റമല്ല. എന്റെ മണ്ഡലത്തിലെ താലൂക്ക് ആശുപത്രിക്ക് വേണ്ടത്ര സ്റ്റാഫിനെ കിട്ടാത്തതുകൊണ്ടല്ല ഇങ്ങനെ പറയുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, അദ്ദേഹം ആദ്യം ചോദിച്ച ചോദ്യത്തിന് ഞാൻ മറുപടി പറഞ്ഞു. ഇവിടെ ഏകദേശം ഒഴിവുകൾ ഉള്ളതിന്റെ ഇരട്ടി എൻ.ആർ.എച്ച്.എം. വഴിയും അഡ്ഹോക് വ്യവസ്ഥയിലും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. 1964 കാലഘട്ടത്തിലെ സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. ഒരാശുപത്രിയിൽ 100 രോഗികൾ വരുന്നുവെങ്കിൽ സ്വാഭാവികമായി പല ആശുപത്രികളിലും ഇരുന്നൂറും മുന്നൂറും രോഗികൾ വരുന്നുണ്ട്. അങ്ങനെ വരുന്ന ഡോക്ടർമാരുടെ സെറ്റ് മാത്രമേ ഉള്ളൂ. ഘട്ടംഘട്ടമായി ഗവൺമെന്റ് ഈ സ്റ്റാഫ് പാറ്റേൺ മാറ്റികൊണ്ടുവരികയാണ്. ഒറ്റയടിക്ക് മുഴുവൻ കാര്യങ്ങളും ചെയ്യാൻ പറ്റില്ല. ആ ഒരു സാഹചര്യമാണ് നിലവിലുള്ളത്. വ്യക്തതയോടുകൂടി എന്താണ് അദ്ദേഹത്തിന്റെ ആവശ്യമെന്ന് പറഞ്ഞുകഴിഞ്ഞാൽ അതിന് വ്യക്തമായ മറുപടി നൽകാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, കേരളത്തിന്റെ ഖ്യാതി നശിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് നമ്മൾ ചർച്ച ചെയ്യുക്കൊണ്ടിരിക്കുന്നത്. മാരകമായ പകർച്ചവ്യാധികൾ ഗുരുതരമായ രീതിയിൽ വന്നുകൊണ്ടിരിക്കുകയാണ്. ഇത് കേവലം കേരളത്തിന്റെമാത്രം പ്രശ്നമല്ല. സമ്പദ് വ്യവസ്ഥയുടെ ദൗർബ്ബല്യത്തിന്റെ clear cut ആയിട്ടുള്ള ഇൻഡിക്കേഷൻ ആണത്. ആ രീതിയിൽ തന്നെ ഈ വിഷയത്തെ നമ്മൾ ആഴത്തിൽ കാണേണ്ടതുണ്ട്. ലോകമെങ്ങും എബോള രോഗം പടർന്നുപിടിച്ചപ്പോൾ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ അടക്കം നിരവധി സംഘടനകൾ ഇതിനെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഭൂരിപക്ഷം പഠനങ്ങളും തെളിയിക്കുന്നത് സാമ്പത്തിക അസമത്വവും അതിലൂടെയുള്ള പാർശ്വവൽക്കരണവുമാണ്. അങ്ങയുടെ മറുപടിയിൽ പട്ടിണിപ്പാവങ്ങളുടെ ഇടയിലാണ് പകർച്ചവ്യാധികൾ വ്യാപകമാകുന്നതെന്ന് പറഞ്ഞു. അട്ടപ്പാടിയിലെ പ്രശ്നങ്ങൾതന്നെ ഇക്കാര്യം ശരിവയ്ക്കുന്നു. കേരളത്തിൽ വ്യാപകമായി പകർച്ചവ്യാധി പടരുമ്പോൾ മേൽപ്പറഞ്ഞ സാമ്പത്തിക അസമത്വത്തിന്റെ പശ്ചാത്തലത്തെക്കുറിച്ച് പഠിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അത്തരത്തിൽ ശാശ്വതമായി പ്രശ്നം പരിഹരിക്കാൻ, ഈ വിഷയത്തെക്കുറിച്ച് അടിസ്ഥാനപരമായി പഠിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, കേരളത്തിൽ 2009 കാലഘട്ടം മുതലാണ് ഓരോ വർഷവും പനി പോലുള്ള പകർച്ചവ്യാധികൾ വന്നുകൊണ്ടിരിക്കുന്നത്. 2013-ൽ ഉണ്ടായിട്ടുള്ള പകർച്ചപ്പനികളെക്കുറിച്ച് പരിശോധിക്കുമ്പോൾ 2014-ൽ കുറവ് വന്നിട്ടുണ്ട്. അതുപോലെ മാരകമായ പനികളുടെ എണ്ണത്തിലും നമുക്ക് വളരെയധികം കുറവ് വന്നിട്ടുണ്ട്. 2013-ൽ 8853 ആയിരുന്നത് 2014-ൽ 4137 ആയി മാരകമായ പനികൾ കുറഞ്ഞിട്ടുണ്ട്. അതിന് കാരണം ഫീൽഡ് തലത്തിൽ സമഗ്രമായ പ്രവർത്തനങ്ങൾ ഗവൺമെന്റ് ഏറ്റെടുക്കുന്നതുകൊണ്ടാണ്. പ്രൈമറി ഹെൽത്ത് സെന്ററിന്റെജോലി ചികിത്സ മാത്രമല്ല, കമ്മ്യൂണിറ്റിബേയ്സ്ഡായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നുള്ളതാണ്. സമൂഹത്തിൽ ഇതുപോലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആരോഗ്യ വകുപ്പുമാത്രം വിചാരിച്ചാൽ സാധിക്കുകയില്ല. എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും കൂട്ടായ സഹകരണത്തോടുകൂടി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്നുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി, അനിമൽ ഹസ്ബന്ററി തുടങ്ങിയ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടുകൂടി മാത്രമേ ഇത്തരം പ്രവർത്തനങ്ങൾ നമുക്ക് നടത്താൻ കഴിയുകയുള്ളൂ. കഴിഞ്ഞ വർഷത്തേക്കാൾ പകുതിയോളം മാരകപനികൾ ഇപ്പോൾ കുറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന

ഗവൺമെന്റ് ഇപ്രാവശ്യം മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ രണ്ടുപ്രാവശ്യം യോഗം ചേർന്നുകഴിഞ്ഞു. ഓരോ വാർഡിലും 25,000 രൂപ വച്ച് വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും നൽകിക്കഴിഞ്ഞു. അതിൽ 10,000 രൂപ എൻ.ആർ.എച്ച്.എം. കൊടുക്കേണ്ടത് എല്ലാ പഞ്ചായത്തുകൾക്കും വാർഡുകൾക്കും കൊടുത്തു കഴിഞ്ഞു. ശുചിത്വ മിഷൻ 10,000 രൂപവച്ച് കൊടുക്കുന്നു. പഞ്ചായത്തുകളുടെ തനതു ഫണ്ടിൽനിന്നും 5,000 രൂപ ചെലവഴിക്കുന്നതിനുള്ള അനുമതിയും കൊടുത്തിട്ടുണ്ട്. ഈ വർഷം മുതൽ കോർപ്പറേഷൻ വാർഡുകളിൽ ശുചിത്വ മിഷൻ 20,000 രൂപ കൊടുക്കുകയാണ്. യഥാർത്ഥത്തിൽ ഓരോ ഡിപ്പാർട്ടുമെന്റുകളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ മുന്നോട്ടുപോകാൻ കഴിഞ്ഞാൽ നമുക്ക് ഫലപ്രദമായിട്ടുള്ള പ്രവർത്തനം സാധ്യമാക്കാൻ കഴിയും. ആരോഗ്യ വകുപ്പ് ഓരോ ജില്ലയ്ക്കും നാല് കോടിയോളം രൂപ ഇതിലേയ്ക്കായി അഡീഷണലായി കൊടുത്തിട്ടുണ്ട്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ എല്ലാവരുടേയും സഹകരണത്തോടുകൂടി ഏറ്റെടുക്കണം. മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും തലത്തിൽ യോഗം ചേർന്നു. ജില്ലകളിൽ മന്ത്രിമാരുടെ സാന്നിധ്യത്തിലും യോഗം ചേർന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ യോഗം ചേർന്നുകഴിഞ്ഞു. അതുകഴിഞ്ഞ് വാർഡുതല സാനിറ്റേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഈ പ്രതിരോധപ്രവർത്തനങ്ങൾ ശക്തമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് മാരകമായ പനി 2013-നേക്കാൾ ഗണ്യമായികുറഞ്ഞത്. ഇപ്പോൾ എച്ച്1, എൻ1 പോലുള്ള പനികൾ ദേശീയതലത്തിൽ രാജസ്ഥാൻ, മഹാരാഷ്ട്ര, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലൊക്കെയാണ് വരുന്നത്. വളരെ കുറച്ചാണ് നമ്മുടെ സംസ്ഥാനത്ത് വന്നിട്ടുള്ളത്. അതിലേയ്ക്കാവശ്യമായ ഏറ്റവും ശക്തമായ, ഗൗരവതരമായിട്ടുള്ള പ്രതിരോധപ്രവർത്തനങ്ങൾ ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പാക്കുകയാണ്. ആവശ്യമായിട്ടുള്ള മരുന്നുകൾ എല്ലാ തലത്തിലും എത്തിക്കുകയും കൂടാതെ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുകയും അതിനെക്കുറിച്ചുള്ള അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. അത്തരത്തിലുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഞാൻ ചോദിച്ച ചോദ്യത്തിനല്ല അദ്ദേഹം ഉത്തരം പറഞ്ഞത്.

മി. പ്രോട്ടെം സ്പീക്കർ : മിനിസ്റ്റർ മറുപടി പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. നാരായണൻ : സർ, ഭീതിജനകമാംവിധത്തിൽ പന്നിപ്പനി, കുരങ്ങുപനി എന്നിവ വ്യാപകമായ സാഹചര്യത്തിൽ സംസ്ഥാനങ്ങളിൽ ഹെൽപ്പ് ലൈൻ സംവിധാനം വേണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചതായി മനസ്സിലാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഹെൽപ്പ് ലൈൻ സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ ; ഹെൽപ്പ് ലൈൻ നമ്പറുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; ഇതിനെക്കുറിച്ചുള്ള എന്തെങ്കിലും കാര്യങ്ങൾ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, പന്നിപ്പനി, എച്ച്1, എൻ1 എന്നിവ തടയുന്നതിലേയ്ക്കവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി എടുത്തിട്ടുണ്ട്. ഇപ്പോൾ വടക്കെ ഇൻഡ്യയിൽ ഇത്തരം രോഗം വന്ന സാഹചര്യത്തിലാണ് ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്തും വന്നിട്ടുള്ളത്. അതിലേയ്ക്കവേണ്ടിയുള്ള നടപടികൾ ഓരോ തലങ്ങളിലും നമ്മൾ വളരെ ശക്തമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. പനി വരുന്ന പ്രദേശങ്ങളിൽ അവ പരിശോധിക്കാനുള്ള നിലയിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പനി വരുന്നത് സംബന്ധിച്ച് മൂന്ന് കാറ്റഗറിയായി തിരിച്ചിട്ടുണ്ട്. മാരകമായിട്ടുള്ള സ്ഥിതിവിശേഷം ഉണ്ടെങ്കിൽ അവരെ മെഡിക്കൽ കോളേജിലും ജില്ലാ ആശുപത്രികളിലും പ്രവേശിപ്പിച്ച് ചികിത്സ കൊടുക്കുന്നതിലേയ്ക്കവേണ്ടിയുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്ന് ഇതിനുവേണ്ടി ദിവസവും കോ-ഓർഡിനേഷൻ നടത്തുന്നുണ്ട്. പ്രത്യേകമായിട്ടുള്ള ഹെൽപ് ലൈൻ നമ്പർ ഏർപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്ത് പന്നിപ്പനി വ്യാപകമായി വന്നിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, നമ്മുടെ നാട്ടിൽ ഇപ്പോൾ നിരവധിതരം പനികളാണ് മനുഷ്യരെ ബാധിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ വൈറസ് പരിശോധിക്കുന്നതിനും അവയെ കണ്ടെത്തുവാനുമുള്ള ലബോറട്ടറി സൗകര്യങ്ങൾ പല സ്ഥലത്തും കുറവാണ്. ചില സ്ഥലങ്ങളിൽ മനുഷ്യരെ ബാധിക്കുന്ന വൈറസുകളെ കണ്ടുപിടിക്കാനുള്ള സൗകര്യം മാത്രമേയുള്ളൂ. മൃഗങ്ങളിൽ ഈ വൈറസ് വരുന്നുണ്ട്. അതിനെ സംബന്ധിച്ച് പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഇവിടെയില്ല. സംസ്ഥാനത്തിന്റെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ബി.എസ്.എൽ.2, ബി.എസ്.എൽ.3 എന്നീ പരിശോധനാ സംവിധാനമുള്ള ഒരു ലബോറട്ടറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ശിവകുമാർ : സർ, മാരകമായിട്ടുള്ള പനി വരുമ്പോൾ ടെസ്റ്റ് ചെയ്യുന്നതിന് മണിപ്പാലിലെ വൈറൽ റിസർച്ച് സെന്റർ, ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി-പൂന എന്നീ മൂന്നു സ്ഥലത്താണ് സൗകര്യങ്ങളുള്ളത്. കൂടുതൽ സ്ഥലങ്ങളിൽ ഇതുപോലുള്ള ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. കെ. മുരളീധരൻ : സർ, പകർച്ചവ്യാധികളുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണെങ്കിലും ചില സന്ദർഭങ്ങളിൽ പകർച്ചവ്യാധികൾ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ഭീതിപരത്തുന്ന വാർത്തകൾ പുറത്തുവരാറുണ്ട്. ഈ വാർത്തകൾക്ക് പിന്നിൽ സംഘടിതരായിട്ടുള്ള മരുന്നുലോബികളായിരിക്കും ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, പകർച്ചപ്പനി വരുമ്പോഴുണ്ടാകുന്ന വാർത്തകൾ പത്ര മാധ്യമങ്ങളിലൂടെയും ടെലിവിഷനുകളിലൂടെയും ജനങ്ങൾക്ക് ബോധവത്കരണം കൊടുക്കുന്നുണ്ട്. അതിനാവശ്യമായ നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം ആവശ്യമായിട്ടുള്ള മരുന്നുകൾ സംസ്ഥാന ഗവൺമെന്റ് തന്നെ താഴെതലത്തിൽ എത്തിച്ചുകൊടുക്കുന്ന നടപടിയും-സ്വീകരിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുണ്ടെങ്കിൽ തീർച്ചയായും അക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, എൻ.ആർ.എച്ച്.എം. മുഖേനയും അഡ്ഹോക്ക് അടിസ്ഥാനത്തിലുമൊക്കെ ഡോക്ടർമാരെ നിയമിക്കുന്നുണ്ടെന്നും എല്ലാ സ്ഥലത്തും ഡോക്ടമാരുണ്ട് എന്നുള്ളതുമാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽനിന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. എന്നാൽ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യമാണ് അങ്ങ് പറഞ്ഞത്. പല ആശുപത്രികളിലും ആവശ്യമായ ഡോക്ടർമാരില്ലാതെ അവിടത്തെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ല. എന്നാൽ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന ഒരു കാര്യം എൻ.ആർ.എച്ച്.എം.- വഴിയും പി.എസ്.സി. വഴിയും ഡോക്ടർമാരെ നിയമിക്കുന്നുണ്ടെങ്കിൽപ്പോലും റൂറൽ മേഖലയിൽ പ്രവർത്തിക്കാൻ പുതിയ തലമുറയിലുള്ള ഡോക്ടർമാർ തയ്യാറാകുന്നില്ല എന്ന ഗുരുതരമായ പ്രശ്നം നിലനിൽക്കുന്നുണ്ട്. എൻ.ആർ.എച്ച്.എം. വഴിതന്നെ പുതുതായിവരുന്ന ഡോക്ടർമാർ തീരദേശമേഖല ഉൾപ്പെടെയുള്ള മേഖലയിൽ അപ്പോയിന്റ്മെന്റ് ഓർഡർ

ലഭിച്ചാൽപോലും ജോയിൻ ചെയ്യാതെ അവിടെനിന്നും മാറുന്ന സ്ഥിതിയാണുണ്ടാകുന്നത്. ഇത് പരിഹരിക്കാനാവശ്യമായ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്, നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഒഴിഞ്ഞുകിടക്കുന്ന പോസ്റ്റുകളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. അഡീഷണലായിട്ടാണ് എൻ.ആർ.എച്ച്.എം. വഴി ഡോക്ടർമാരെ നിയമിച്ചിട്ടുള്ളത്. നിലവിലുള്ള 286-ഓളം ഒഴിവുവരുന്ന അസിസ്റ്റന്റ് സർജന്റെ എൻ.ടി. കേഡർ പോസ്റ്റുകൾ ജനുവരിയിൽത്തന്നെ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവിടെനിന്നും ആ ലിസ്റ്റ് തരുന്നതിനുവേണ്ടിയുള്ള കാലതാമസമാണ് ഉണ്ടായിട്ടുള്ളത്. ആ ലിസ്റ്റ് വന്നാൽ ഉടൻതന്നെ പ്രസ്തുത പോസ്റ്റിൽ നിയമനം നൽകുന്നതായിരിക്കും. ബഹുമാനപ്പെട്ട വി. എസ്. സുനിൽകുമാർ സൂചിപ്പിച്ചതുപോലെ, ചില മേഖലകളിൽ ഡോക്ടർമാരുടെ അഭാവം പലപ്പോഴും ഉണ്ടാകുന്നുണ്ട്. 300-ഓളം ഡോക്ടർമാരുടെ വേക്കൻസി ഉണ്ടായപ്പോൾ 600-ഓളം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റൂറൽ മേഖലയിലാണ് നിയമനം ലഭിച്ചതെങ്കിൽ അവർ ജോയിൻ ചെയ്യാറില്ല. പി.ജി. സ്റ്റഡിക്ക് ഡോക്ടർമാർലീവെടുത്തുപോകുന്ന സ്ഥിതിവിശേഷമുണ്ട്. അത്തരം സാഹചര്യമുണ്ടാകുമ്പോൾ വീണ്ടും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യും. അത്തരത്തിൽ ഡോക്ടർമാരെ നിയമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. റൂറൽ മേഖലയിൽ ഡോക്ടർമാർ ജോലി ചെയ്യുന്നതിന് ചില സന്ദർഭങ്ങളിൽ വിമുഖത കാട്ടുന്നുണ്ട്. അട്ടപ്പാടി പോലുള്ള പ്രദേശങ്ങളിൽ ജോലിനോക്കുന്ന ഡോക്ടർമാർക്ക് അഡീഷണലായി 20,000 രൂപ സർക്കാർ കൊടുക്കുന്നുണ്ട്. കാസർഗോഡ് പോലുള്ള പ്രദേശങ്ങളിൽ ഇതുപോലെ തുക കൊടുക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അത്തരത്തിലൊരു സാഹചര്യം നിലനിൽക്കുന്നുണ്ട്. അതിനെന്താണ് ചെയ്യാൻ കഴിയുന്നതെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

<u>ശ്രീ. സി. മോയിൻകുട്ടി</u> : സർ, തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കോടഞ്ചേരി ആദിവാസി കോളനിയിലെ പി.എച്ച്.സി. സി.എച്ച്.സി. ആയി ഉയർത്തിയിട്ട് രണ്ട് വർഷമായി. അവിടെയുള്ള 100 ശതമാനം ആളുകളും രോഗത്തിന്റെ പിടിയിലാണ്. ഏഴ് ഡോക്ടർമാർ വേണ്ടിടത്ത് ഒരു ഡോക്ടറും ആറ്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാഫ് നേഴ്സ് വേണ്ടിടത്ത് ഒരു സ്റ്റാഫ് നേഴ്സും മാത്രമാണുള്ളത്. ഇക്കാര്യം നിരവധി പ്രാവശ്യം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഞാൻ ഇങ്ങനെ പറയുന്നതിൽ ദയവായി ക്ഷമിക്കണം. കോഴിക്കോട് ജില്ലയും കേരളത്തിന്റെ ഭാഗമാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും പ്രതികരണമോ ഒരു മറുപടിയോ ഇന്നുവരെ ലഭ്യമായിട്ടില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നിരന്തരമായി വാചാലമായി പ്രസംഗിക്കുന്നു, കാര്യങ്ങൾ പറയുന്നു. ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കാത്തത് വളരെ വേദനാജനകമാണ്. ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തി. .....(ബഹളം).....

<u>മി. പ്രോട്ടെം സ്പീക്കർ)</u> : ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മറുപടി പറയട്ടെ...പ്ലീസ്.....(ബഹളം).....പ്ലീസ്.....പ്ലീസ്.....ശ്രീ. ശിവൻകുട്ടി, ... ശ്രീ. റ്റി. വി. രാജേഷ് ഇരിക്കൂ.....മിനിസ്റ്റർ, പ്ലീസ്.....

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, അവിടെ പി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ ഉണ്ട്. ആ ആശുപത്രിയെ സി.എച്ച്.സി. ആയി ഉയർത്തി. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സി.എച്ച്.സി ആയി ഉയർത്തിയ ആശുപത്രികളുടെ പ്രവർത്തനം ഘട്ടംഘട്ടമായി കൊണ്ടുവരികയാണ്. പല സന്ദർഭങ്ങളിലും ആശുപത്രികളുടെ ബോർഡുകൾ മാത്രം മാറ്റിവയ്ക്കും. അങ്ങനെ മാറ്റിവച്ച ചരിത്രവുമുണ്ട്. ആരോഗ്യ വകുപ്പ് മാത്രം വിചാരിച്ചാൽ നടക്കുന്ന കാര്യമല്ല. പോസ്റ്റ് ക്രിയേഷൻ അടക്കമുള്ള കാര്യങ്ങളുമുണ്ട്. അതെല്ലാം ഘട്ടംഘട്ടമായി ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപ്പിലാക്കിക്കൊണ്ടുവരികയാണ്. അതിന്റെ ഭാഗമായാണ് നാലായിരത്തോളം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തത്. ഓരോ ആശുപത്രിയിലും സ്റ്റാഫ് ഇല്ലാത്ത സ്ഥലങ്ങളിൽ സ്റ്റാഫിനെ നിയമിച്ചും പി.എച്ച്.സി.-കൾ ആരംഭിച്ചുകൊണ്ടുമാണ് കാര്യങ്ങൾ ചെയ്യുന്നത്. സി.എച്ച്.സി. ആയി ഉയർത്തിയ ചില ആശുപത്രികൾ ഉണ്ട്. അവ വരുമ്പോൾ അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കാം.

<u>ശ്രീമതി പി. അയിഷാ പോറ്റി :</u> സർ, പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്തത്. അതിൽ എനിക്ക് പറയാനുള്ള കാര്യം എപ്പോഴും പൊതുജന സ്രോതസ്സുകളും പരിസരങ്ങളും ആശുപത്രിയുടെ ചുറ്റുപാടുമൊക്കെ അസുഖക്കാരെക്കൊണ്ട് നിറഞ്ഞിരിക്കും. വിസർജ്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെയുള്ളവയെല്ലാം ആശുപത്രി പരിസരം നിറഞ്ഞിരിക്കും. അവ വൃത്തിയാക്കി പരിചരിക്കാതെ വരുന്നതിന്റെ ഭാഗമായി ഒരാൾക്ക് പനി പിടിക്കുമ്പോൾ മുഴുവൻ പേർക്കും പനി പിടിക്കുകയോ അല്ലെങ്കിൽ പകർച്ചവ്യാധിയുണ്ടാകുകയോ ചെയ്യുന്ന സ്ഥിതി ഉണ്ട്. ഇതുസംബന്ധിച്ച് നിരവധി ചർച്ചകൾ നിയമസഭയിൽ നടത്തുകയും നിരവധി ക്യാമ്പെയ്നുകൾ നടത്തുകയും ചെയ്തെങ്കിലും ഫലം കാണുന്നില്ല എന്നത് പറയാതിരിക്കാൻവയ്യ. എന്റെ നിയോജക മണ്ഡലമായ കൊട്ടാരക്കര ടൗണിൽകൂടി ഒഴുകുന്ന ഏറ്റവും വലിയൊരു ജലസ്രോതസ്സാണ് പുലമൺതോട്. ആ തോടിന്റെ സൈഡ്വാൾ കെട്ടാൻ അനുവദിക്കാത്ത അവസ്ഥ നിലനിൽക്കുകയാണ്. ആ തോടിൽകൂടി ഒഴുകുന്നത് പല കടകളിലേയും സ്ഥാപനങ്ങളിലേയും മലിനജലവും അതുപോലെ വേസ്റ്റും ഡംപ് ചെയ്യുന്നൊരു സ്ഥലമായി മാറിയിരിക്കുകയാണ്. ഇത്തരം സ്ഥലങ്ങൾ ശുചിയാക്കാനായി അധികാരികൾ കർശന നിലപാട് എടുത്തുകൊണ്ട് ആരോഗ്യ പ്രവർത്തകരെ കൂടുതൽ പോസ്റ്റ് ചെയ്തുകൊണ്ട് എല്ലാ സ്ഥലങ്ങളിലും എത്തിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയ കാര്യം മറ്റ് ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ച് ആലോചിച്ച് ചെയ്യേണ്ട ഒരു കാര്യമാണ്. ബന്ധപ്പെട്ട വകുപ്പുമായി സംസാരിച്ച് വേണ്ട നടപടി സ്വീകരിക്കാം.

<u>ശ്രീ. ബെന്നി ബെഹനാൻ</u> : സർ, പകർച്ചവ്യാധികൾ വന്നതിനുശേഷം ഡോക്ടർമാരെ ആവശ്യമാണ്, ആശുപത്രികളിൽ സൗകര്യമില്ല എന്നുള്ള കാര്യങ്ങളാണ് ഇവിടെ പലപ്പോഴും ചർച്ച ചെയ്യുന്നത്. ഈ രോഗങ്ങൾ സ്ഥിരീകരിക്കുന്നതിനുള്ള വൈറസുകളെ കണ്ടെത്താനും അതിനാവശ്യമായ ആധുനിക ലാബ് സൗകര്യവുമാണ് ആദ്യം വേണ്ടത്. ഇപ്പോൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിസീസ് കൺട്രോൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറൽ റിസർച്ച് സെന്റർ, മണിപ്പാൽ എന്നീ സ്ഥാപനങ്ങളുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിക്കണമെന്ന് പറഞ്ഞിട്ടുള്ളതല്ലാതെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കാക്കനാട് ഡ്രഗ്സ് കൺട്രോൾ അനലിറ്റിക്കൽ ലാബ് ഉണ്ട്. ആ ലാബ് വളരെ സൗകര്യമുള്ളതാണ്. ആ ലാബുപോലും ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കേരളത്തിൽ ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാനവശ്യമായ നടപടി സ്വീകരിക്കണം. പകർച്ചവ്യാധിയെ സംബന്ധിച്ച് ധാരാളം ചർച്ച നിയമസഭയിൽ നടന്നിട്ടുള്ളതാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ, മലിനജലം തുടങ്ങിയവയാണ്

പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനുള്ള കാരണം. നേരത്തേ സൂചിപ്പിച്ചതുപോലെ, മുഖ്യമന്ത്രി മോണിറ്റർ ചെയ്ത് വിവിധ വകുപ്പുകളെ ക്രോഡീകരിച്ചു കൊണ്ട് പകർച്ചവ്യാധി തടയുന്നതിനുവേണ്ടിയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, കേരളത്തിൽ ആലപ്പുഴയിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുണ്ട്. മാരകമായ പനി പരിശോധിക്കുന്നതിനായുള്ള സൗകര്യങ്ങൾ ഇപ്പോൾ കേരളത്തിൽ ആലപ്പുഴ ജില്ലയിൽ മാത്രമേയുള്ളൂ. പിന്നീടുള്ളത് മണിപ്പാലിലാണ്. അവിടെയുള്ള ആശുപത്രിയുമായി സംസ്ഥാന സർക്കാർ എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ട്, അവിടെ കാര്യങ്ങൾ ചെയ്യുന്നുമുണ്ട്. തിരുവനന്തപുരം ജില്ലയിൽ രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ട്. പൊതുവേ ലാബിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടുവരികയാണ്. വളരെ മാരകമായ പനി ടെസ്റ്റ് ചെയ്യുന്നതിനായുള്ള ലാബ് സൗകര്യങ്ങൾ കേരളത്തിൽ കൂടുതലായി വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കാം. മറ്റുതലങ്ങളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടുവരികയാണ്. ഇപ്പോൾ കേരളത്തിൽ 250 പ്രൈമറി ഹെൽത്ത് സെന്ററുകളുണ്ട്. ഒരുകാലത്തുമില്ലാത്ത രീതിയിൽ താഴെതലത്തിൽ, പ്രൈമറി ഹെൽത്ത് സെന്ററുകളിൽ തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ലബോറട്ടറി സൗകര്യങ്ങൾ കൊണ്ടുവരുന്നതിലേയ്ക്കുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. പരിശോധനാസംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണെന്നുള്ള കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകശ്രദ്ധ കൊടുക്കുന്നതാണ്.

<u>ശ്രീ. സി. കെ. നാണു</u> : സർ, ഞങ്ങളുടെ നാട്ടിൽ കടിവെള്ളത്തിൽ ഉപ്പ് വെള്ളം കലരുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. ഈ വെള്ളം കടിവെള്ളത്തിലേയ്ക്ക് കയറി അതുപയോഗിക്കുന്നതോടുകൂടി അവിടെയുള്ള ആളുകൾക്കെല്ലാം രോഗമുണ്ടാകുന്നുണ്ട്. ഇതിനായി ആരോഗ്യ വകുപ്പ് മാത്രം വിചാരിച്ചാൽ ശരിയായ നടപടി സ്വീകരിക്കാൻ സാധിക്കില്ല. ജലസേചന വകുപ്പ് മാലിന്യം കലരാത്ത ശുദ്ധമായ കടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു മീറ്റിംഗ്കൂടി ഒരു സംവിധാനമുണ്ടാക്കണം. ഹോമിയോ ആശുപത്രികളിലും ആയുർവ്വേദ ആശുപത്രികളിലും ദിവസേന ധാരാളം രോഗികൾ ചികിത്സയ്ക്കായി വരുന്നുണ്ട്. അവർക്കാവശ്യമായ മരുന്നുകൾ കൊടുത്ത് നല്ല ചികിത്സാ സമ്പ്രദായങ്ങൾ ഉണ്ടാക്കികൊടുക്കണം. ആരോഗ്യ വകുപ്പിൽ പുതുതായി പോസ്റ്റുകൾ അനുവദിക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. രോഗികളുടെ വർദ്ധനവനുസരിച്ച് ആവശ്യമായ സ്റ്റാഫുകളെ നൽകണം. എന്റെ നിയോജക

LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലമായ വടകരയിലെ ഒരു ആശുപത്രി ജില്ലാ ആശുപത്രി ആക്കി ഉയർത്തുകയും അവിടെ കുറച്ച് സ്റ്റാഫിനെ അനുവദിക്കുകയുംചെയ്തു. മത്സ്യത്തൊഴിലാളി മേഖലയിലെ ഹെൽത്ത് സെന്ററിൽ ദിവസേന മുന്നൂറിലധികം രോഗികൾ വരുന്നുണ്ട്. അവിടെ ആവശ്യത്തിന് സ്റ്റാഫിനെ നിയമിച്ചിട്ടില്ല. വേനൽക്കാലത്ത് ശുദ്ധമായ കുടിവെള്ളം ലഭ്യമല്ലായെങ്കിൽ പകർച്ചവ്യാധികളുണ്ടാകും. ഇത് പരിഹരിക്കാൻ ആവശ്യമായ ഫലപ്രദമായ നടപടികൾ ആരോഗ്യവകുപ്പും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രദ്ധിച്ചുകൊണ്ട് ഇതുമായി ബന്ധപ്പെട്ട വകുപ്പുകളെയെല്ലാം യോജിപ്പിച്ചു കൊണ്ട് അടിയന്തരനടപടികൾ സ്വീകരിച്ച് ആരോഗ്യവകുപ്പിന് ആവശ്യമായ ഫണ്ട് കൂടുതൽ അനുവദിക്കാനും മരുന്നുകൾ സ്റ്റോക്ക് ചെയ്യാനും മരുന്നുകൾ അനുവദിക്കാനും മാരകമായ രോഗങ്ങൾക്കുള്ള മരുന്നുവാങ്ങുന്നതിനായി ഹോസ്പിറ്റൽ കമ്മിറ്റിക്കുതന്നെ മരുന്നുകൾ വാങ്ങുന്നതിനുള്ള അനുവാദം കൊടുക്കാനുമുള്ള വിപുലമായ സംവിധാനം ഉണ്ടാക്കാൻ സർക്കാർ തയ്യാറാകുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആരോഗ്യ വകുപ്പ് മാത്രം വിചാരിച്ചാൽ പകർച്ചവ്യാധി ഒഴിവാക്കാൻ കഴിയില്ല. എല്ലാവർഷവും പകർച്ചവ്യാധികൾ വ്യാപകമാകുന്ന കാലമാണ് ഇനിവരുന്നത്. വിവിധ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനത്തിലൂടെ മാത്രമേ പകർച്ചവ്യാധികൾ തടയാൻ കഴിയുകയുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ മാർച്ച് മാസം 6-ാം തീയതി മുഖ്യമന്ത്രി, മന്ത്രിമാരുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും മേയർമാരുടെയും യോഗം തിരുവനന്തപുരം ഗസ്റ്റ്ഹൗസിൽ വിളിച്ചുകൂട്ടുകയുണ്ടായി. പകർച്ചവ്യാധികളുടെ പ്രതിരോധപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനുവേണ്ടി പഞ്ചായത്തുകളിൽ പ്രത്യേകം ഗ്രാമസഭകളും മുൻസിപ്പൽ കോർപ്പറേഷൻ മേഖലയിൽ വാർഡ് സഭകളും വിളിച്ചുകൂട്ടുന്നതിന് തീരുമാനിച്ചു. കുടിവെള്ളത്തിലൂടെ പകർച്ചവ്യാധികൾ പകരുന്നതിനാൽ കുടിവെള്ളം, പ്രത്യേകിച്ച് തീരദേശ മേഖലകളിൽ ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് ആ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അതോടൊപ്പം ആരോഗ്യ വകുപ്പ് മാർച്ച് 15 മുതൽ സെപ്റ്റംബർ 30 വരെ വാട്ടർ അതോറിറ്റിക്ക് നൽകുന്ന വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗ് സൗജന്യമാക്കുന്നതിനും മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പലപ്പോഴും സ്വീവേജ് ലൈനും വാട്ടർ ലൈനും പൊട്ടിയൊലിച്ച് ഒന്നിച്ചുചേരുമ്പോൾ പകർച്ചവ്യാധികൾ വ്യാപിക്കാനുള്ള സാഹചര്യമുണ്ടാകാറുണ്ട്. ഇത് മനസ്സിലാക്കി ശുദ്ധജലം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അത് ഫലപ്രദമായി നടപ്പിലാക്കുന്നതിനായുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. പകർച്ചവ്യാധികൾക്കുള്ള പ്രതിരോധ മരുന്നുകൾക്കായി ഹോമിയോ-ആയുർവ്വേദ വിഭാഗങ്ങൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ : സർ, പകർച്ചവ്യാധികൾ എല്ലാവർഷവും പല ഘട്ടങ്ങളിലായി കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നേരത്തെ ഉന്നയിച്ചതുപോലെ പല വിധത്തിലുള്ള പനിയും ഉണ്ടാകുന്നുണ്ട്. പകർച്ചവ്യാധി ഉണ്ടാകുന്ന അവസരത്തിൽ ഗവൺമെന്റ് വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനാൽ അത് ഏറെക്കുറെ കുറയ്ക്കാൻ സാധിക്കുന്നുണ്ട്. എന്നാൽ പകർച്ചവ്യാധി ശാശ്വതമായി തടയുന്നതിനായി എല്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റിന് ആലോചിക്കാവുന്നതാണ്. അതുപോലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു വളരെ അത്യാവശ്യമുള്ള സ്ഥാപനമായതിനാൽ കേരളത്തിൽ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ചും ആലോചിക്കണം. ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണത്തിന്റെ കാര്യത്തിൽ, ഏത് ഗവൺമെന്റായാലും ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും പൂർണ്ണമായി നിറവേറ്റാൻ കഴിയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. പക്ഷേ പാറ്റേൺ അനുസരിച്ചുള്ള ഡോക്ടർമാരുണ്ടായെന്നതും ആവശ്യത്തിനനുസരിച്ചുള്ള ഡോക്ടർമാരുണ്ടായെന്നതും രണ്ട് ചോദ്യമാണ്. ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റാൻ ഒരു ഗവൺമെന്റിനും സാധ്യമല്ല. പാറ്റേൺ അനുസരിച്ചുള്ള തസ്തികയുണ്ടോ, ഡോക്ടർമാരുണ്ടോ എന്ന് മാത്രമേ ഒരു ഗവൺമെന്റിന് പറയാൻ കഴിയുകയുള്ളൂ. ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ ചെയ്തിട്ടുള്ള എല്ലാ നല്ല കാര്യങ്ങളെയും അഭിനന്ദിച്ചുകൊണ്ടുതന്നെ പകർച്ചവ്യാധികൾ തടയുന്നതിനായി സ്ഥിരമായ ഒരുവിഭാഗം എല്ലാ ആശുപത്രികളിലും ഏർപ്പെടുത്താൻ കഴിയില്ലേ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. വി. എസ്. ശിവകുമാർ : സർ, പകർച്ചപ്പനി വ്യാപകമാകുന്ന ചില സീസണുകളുണ്ട്. അപ്പോൾ എല്ലാ ആശുപത്രികളിലും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും എല്ലാ തലങ്ങളിലും മരുന്ന് ഫലപ്രദമായി എത്തിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ആരോഗ്യ വകുപ്പിനെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട കാര്യം, രോഗം പിടിപെട്ടാൽ ഫലപ്രദമായ ചികിത്സ കൊടുക്കുക എന്നതാണ്. അതോടൊപ്പം രോഗം പിടിപെടാതിരിക്കാനായി വിവിധ ഡിപ്പാർട്ടുമെന്റുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള സാങ്കേതികമായ നേതൃത്വം കൊടുക്കുക എന്നതും ആരോഗ്യ വകുപ്പിന് ചെയ്യാൻ കഴിയും. മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടുകൂടി മാത്രമേ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായ നിലയിൽ ഏറ്റെടുക്കാൻ

കഴിയുകയുള്ളൂ. അതിന് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ തുടങ്ങി വാർഡ് തലം വരെയുള്ള സഹകരണം ഉണ്ടാകണം. അതിനാവശ്യമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 256 വേക്കൻസിയുണ്ട്, 550-ഓളം പോസ്റ്റുകൾ അഡ്ഹോക് വ്യവസ്ഥയിൽ നിയമിച്ചിരിക്കുകയാണ്. എൻ.ആർ. എച്ച്.എം. ഉൾപ്പെടെ സ്റ്റാഫ് പാറ്റേണിന്റെ ഇരട്ടിയിലധികം ഡോക്ടർമാരെ നിയമിച്ചുകഴിഞ്ഞു. അക്കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. പ്രൊമോഷനുൾപ്പെടെ 667 വേക്കൻസികളുള്ളതിൽ 582 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. അതോടൊപ്പം 706 എൻ.ആർ.എച്ച്.എം. ഡോക്ടർമാരെയും നിയമിച്ചിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള മുഴുവൻ നിയമനവും നടത്തിയിട്ടുണ്ട്. ഇത് 1964-ലെ സ്റ്റാഫ് പാറ്റേൺ ആണ്. ജനസംഖ്യ വർദ്ധിക്കുകയും രോഗങ്ങളുടെ എണ്ണം കൂടുകയും ചെയ്തപ്പോൾ പല ആശുപത്രികളിലും ആവശ്യമായ ഡോക്ടർമാർ ലഭ്യമാകുന്നില്ല. അതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടുതന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3871 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. പ്രധാനപ്പെട്ട ആശുപത്രികളിലെല്ലാം ആവശ്യാനുസരണം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുകയും നിയമനം നടത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. തോമസ് ചാണ്ടി</u> : സർ, അങ്ങ് ഇപ്പോൾ പറഞ്ഞ കണക്കുകളൊക്കെ ഞാൻ സമ്മതിക്കുന്നു. ആലപ്പുഴ ജില്ലയിൽ എവിടെ ഡോക്ടർമാരില്ലെങ്കിലും കുട്ടനാട്ടിൽനിന്ന് വർക്കിംഗ് അറേഞ്ച്മെന്റിൽ/ഡെപ്യൂട്ടേഷനിൽ ഡോക്ടർമാരെ അയയ്ക്കുന്നത് വളരെ സങ്കടകരമായ കാര്യമാണ്. കാരണം വർക്കിംഗ് അറേഞ്ച്മെന്റിൽ ഡോക്ടർമാരെ അയച്ചാൽ അവിടെ ഡോക്ടർമാരെ നിയമിക്കാൻ കഴിയില്ല. കർഷകരും കർഷകത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന മറ്റ് ചികിത്സാ സൗകര്യങ്ങളില്ലാത്ത ഒരു പ്രദേശമാണ് കുട്ടനാട്. സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലൊന്നും കുട്ടനാട്ടിലില്ല. അതുകൊണ്ട് കുട്ടനാട്ടിൽനിന്ന് വർക്കിംഗ് അറേഞ്ച്മെന്റിലും ഡെപ്യൂട്ടേഷനിലും ഡോക്ടർമാരെ സ്ഥലം മാറ്റുന്ന നടപടി സ്വീകരിക്കരുതെന്ന് നിർദ്ദേശം നൽകണം.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, സംസ്ഥാനത്തും ജില്ലയ്ക്കുള്ളും ഡിപ്പാർട്ടുമെന്റിനകത്തുള്ള ചില അറേഞ്ച്മെന്റുകൾ ചെയ്യുന്നതാണ് വർക്കിംഗ് അറേഞ്ച്മെന്റ്. ജില്ലയ്ക്കുള്ളത് ഏതെങ്കിലും ഹോസ്പിറ്റലിൽ ഡോക്ടർമാരില്ലെങ്കിൽ അങ്ങോട്ടുമിങ്ങോട്ടുമൊക്കെ മാറ്റുന്നത് അതിനകത്തുള്ള അഡ്ജസ്റ്റ്മെന്റിവായിട്ടുള്ള കാര്യങ്ങളാണ്. അവിടെ എന്താണ് ബുദ്ധിമുട്ടുണ്ടായിട്ടുള്ളത് എന്നത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly